കൈവരണമെങ്കിൽ ആ ബില്ലിന് അസംബ്ലിയിൽ അവതരിപ്പിക്കുന്നതിനുമുൻപ് പ്രസിഡന്റിന്റെ അനുമതി കിട്ടിയിരിക്കണം എന്നും അല്ലാത്തപക്ഷം ബിൽ പാസ്സാക്കിയ ശേഷം പ്രസിഡന്റിന്റെ അനുമതി വാങ്ങണമായിരുന്നെന്നും അങ്ങനെ ചെയ്തിട്ടില്ലാത്തതിനാൽ അതിന് നിയമസാധുതയില്ലായെന്നും പ്രഖ്യാപിച്ചു.

(എഫ്)&(ജി)ലക്ഷ്വറി ടാക്സ് പിരിക്കുന്നതിന് നിയമം നിലവിലില്ല. എന്നാൽ സംസ്ഥാനം സമർപ്പിച്ച റിട്ട് അപ്പീലിലെ തൽക്കാല ഉത്തരവുപ്രകാരം ലക്ഷ്വറി ടാക്സ് അടച്ചുകൊണ്ടിരുന്ന നികുതിദായകർ ബാങ്ക് ഗ്യാരണ്ടി നൽകാൻ ഉത്തരവായിട്ടുണ്ട്.

6 (3332) നികുതി സംബന്ധിച്ച കേസുകൾ

ശ്രീ. വി.ജെ. പൗലോസ് :

ശ്രീ. എ.കെ. മണി :

ശ്രീമതി രാധാ രാഘവൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വിവിധ ടാക്സ് അധികാരസ്ഥന്മാരുടെ മുൻപിൽ നികുതി സംബന്ധിച്ച് എത്ര കേസുകൾ പെൻഡിംഗായുണ്ട്;

(ബി) ഇവയിൽ ഒട്ടാകെയുൾക്കൊള്ളുന്ന തുകയെത്രയാണ്;

(സി) സംസ്ഥാനത്ത് വിവിധ നികുതി സംബന്ധമായ ട്രൈബ്യൂണലുകളുടെ മുൻപാകെ എത്ര അപ്പീലുകൾ നിലവിലുണ്ട്;

(ഡി) ഇവയിൽ ഒട്ടാകെ ഉൾക്കൊള്ളുന്ന തുക എത്രയാണ്;

(ഇ) ഹൈക്കോടതി മുൻപാകെ നികുതി സംബന്ധമായ എത്ര കേസുകൾ നിലവിലുണ്ട്; ഇവയിൽ ഒട്ടാകെ ഉൾക്കൊള്ളുന്ന തുകയെത്ര;

(എഫ്) സുപ്രീംകോടതി മുൻപാകെ നികുതി സംബന്ധമായ എത്ര കേസുകൾ നിലവിലുണ്ട്;

(ജി) ഇവയിൽ ഒട്ടാകെ ഉൾക്കൊള്ളുന്ന തുകയെത്ര?

ഉത്തരം

(എ) 1-6-1999-ലെ കണക്ക് പ്രകാരം സംസ്ഥാനത്തെ വിവിധ ഡെപ്യൂട്ടി കമ്മീഷണർ (അപ്പീൽസ്)മാരുടെ മുൻപാകെ 3751 കേസുകളും. അപ്പലേറ്റ് അസിസ്റ്റന്റ് കമ്മീഷണർമാരുടെ മുൻപാകെ 19,308 കേസുകളും പെൻഡിംഗായുണ്ട്.

(ബി) വിവരം ശേഖരിച്ചുവരുന്നു.

(സി)&(ഡി) കൃത്യമായ വിവരം ശേഖരിച്ചു നല്കുന്നതാണ്.

(ഇ) 2186 കേസുകൾ-ഇവയിൽ ഉൾക്കൊള്ളുന്ന തുകയുടെ വിവരം ശേഖരിച്ചു വരുന്നു.

(എഫ്) 207 കേസുകൾ

(ജി) വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly